# പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2026 ജൂൺ 2, ചൊവ്വ

**നമ്പർ 4**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ്:

നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് ശ്രീ. മുഹമ്മദ് മുഹസിൻ, ശ്രീമതി ഷാനിമോൾ ഉസ്മാൻ എന്നീ അംഗങ്ങൾ നിയമാനുസൃതമായി നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നതായി സ്പീക്കർ സഭയെ അറിയിച്ചു. തുടർന്ന് തിരഞ്ഞെടുപ്പ് നടത്തി. തിരഞ്ഞെടുപ്പിൽ 133 അംഗങ്ങൾ വോട്ട് രേഖപ്പെടുത്തി. സ്പീക്കർ വോട്ട് രേഖപ്പെടുത്തിയില്ല. തിരഞ്ഞെടുപ്പിൽ ശ്രീ. മുഹമ്മദ് മുഹസിന് 34 വോട്ടും ശ്രീമതി ഷാനിമോൾ ഉസ്മാന് 99 വോട്ടും ലഭിച്ചു. ശ്രീമതി ഷാനിമോൾ ഉസ്മാനെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുത്തതായി സ്പീക്കർ പ്രഖ്യാപിച്ചു. ഡെപ്യൂട്ടി സ്പീക്കറെ അനുമോദിച്ചുകൊണ്ട് സ്പീക്കർ സംസാരിച്ചു.

ചരമോപചാരം :

മുൻ മന്ത്രിയായ ടി. യു. കുരുവിള, മുൻ കേന്ദ്രമന്ത്രിയായ കെ. പി. ഉണ്ണികൃഷ്ണൻ, മുൻ ലോക്സഭാംഗം കെ. പി. ധനപാലൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. അന്തരിച്ച മഹദ്‌വ്യക്തികളോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

ചെയർപേഴ്സൺമാരുടെ പാനൽ :

നടപ്പുസമ്മേളനത്തിലെ ചെയർപേഴ്സൺമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദേശം ചെയ്തു.

1. ശ്രീ. പാറക്കൽ അബ്ദുല്ല
2. ശ്രീ. വി. പി. സജീന്ദ്രൻ
3. ശ്രീ. കെ. പ്രേംകുമാർ

<u>നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :</u>

പെട്രോളിയം ഉൽപ്പന്നങ്ങളുടെയും വാണിജ്യ-ഗാർഹിക പാചകവാതകത്തിന്റെയും വിലവർദ്ധനവ്, പാചകവാതകത്തിന്റെ ലഭ്യതക്കുറവ്, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം എന്നിവ മൂലം ജനജീവിതത്തിലും ഹോട്ടൽ-റെസ്റ്റോറന്റ് മേഖല ഉൾപ്പെടെയുള്ള വിവിധ മേഖലകളിലും രൂക്ഷമായ പ്രതിസന്ധി നിലനിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് കെ. എൻ. ബാലഗോപാലും മറ്റ് രണ്ട് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

<u>ശ്രദ്ധക്ഷണിക്കൽ :</u>

(1) കോടതി ഉത്തരവിനെത്തുടർന്ന് എറണാകുളം ജില്ലയിലെ മലയിടം തുരുത്തിൽ ഏഴ് പട്ടികജാതി കുടുംബങ്ങളെ കുടിയൊഴിപ്പിക്കുന്നത് മൂലമുള്ള സാമൂഹ്യ പ്രശ്നത്തിലേയ്ക്ക് ശ്രീ. വി. പി. സജീന്ദ്രൻ റവന്യൂ വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. റവന്യൂ വകുപ്പ് മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലും മാലിന്യ നിർമ്മാർജ്ജനത്തിലും തുടരുന്നതായി പറയപ്പെടുന്ന അലംഭാവം കാരണം ഉണ്ടാകാനിടയുള്ള സാംക്രമിക രോഗവ്യാപന ഭീഷണി തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സജി ചെറിയാൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

<u>റിപ്പോർട്ട് പരിഗണന:</u>

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

<u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച:</u>

2026 മേയ് 29-ന് ഗവർണ്ണർ സഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. വിൻസെന്റ് താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചു.

"2026 മേയ് 29-ന് ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു."

താഴെപ്പറയുന്ന അംഗങ്ങൾ ഉപക്ഷേപത്തിന്മേൽ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. കെ. രാജൻ

ശ്രീ. പി. പ്രസാദ്

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ. സി. അജയപ്രസാദ്

ശ്രീ. കെ. കെ. വത്സരാജ്

ശ്രീ. ജി. ആർ. അനിൽ

ശ്രീ. വി. ജോയി

ശ്രീ. എ. പ്രഭാകരൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. എം. എസ്. അരുൺകുമാർ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എൻ. കെ. അക്ബർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. കെ. പ്രേമൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. കാരായി രാജൻ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. കെ. സനോജ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. എം. വിജിൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ടി. എം. ശശി

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. വി. മുരളീധരൻ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. രാജീവ് ചന്ദ്രശേഖർ

തുടർന്ന് ഉപക്ഷേപ അവതാരകൻ ശ്രീ. എം. വിൻസെന്റ് സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. പ്രസാദ്

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വി. മുരളീധരൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. റോയ്. കെ. പൗലോസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. സേനാപതി വേണു

ശ്രീ. അപ്പു ജോൺ ജോസഫ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. അൻവർ സാദത്ത്

ചർച്ച പൂർത്തിയായില്ല.

2026 ജൂൺ 3-ാം തീയതി ബുധനാഴ്ച രാവിലെ 9:00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 2:53-ന് സഭ പിരിഞ്ഞു.

ഷാജി സി. ബേബി,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

# SIXTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, June 2, 2026*

**No. 4**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Election of Deputy Speaker:*

The Speaker informed the House that Shri Muhammed Muhassin and Smt. Shanimol Osman were validly nominated for election to the office of the Deputy Speaker of the Legislative Assembly. Thereafter, the election was conducted. 133 Members cast their votes in the election. Shri. Muhammed Muhassin secured 34 votes and Smt. Shanimol Osman secured 99 votes. Smt. Shanimol Osman was declared as Deputy Speaker by the Speaker. Speaker spoke in felicitation of Deputy Speaker.

*Obituary Reference:*

The Speaker made reference on the demise of T. U. Kuruvilla, former Minister, K. P. Unnikrishnan, former Union Minister, and K. P. Dhanapalan, former Member of Lok Sabha. As a mark of respect to the deceased, the Members stood in silence for a while.

*Panel of Chairpersons:*

The following Members were nominated to the Panel of Chairpersons for the current Session of the Assembly.

1. Shri Parakkal Abdulla
2. Shri V. P. Sajeendran
3. Shri K. Premkumar

*Adjournment Motion(Rule 50):*

Shri K. N. Balagopal and two other Members had given notice for an adjournment motion to discuss the situation of severe crisis said to be prevailing in public life and various sectors including the hotel-restaurant sector due to the price hike in petroleum products, commercial and domestic LPG, shortage of LPG, and price hike in essential commodities. On the ground of the explanation given by the Chief Minister, the Speaker denied leave to present the motion.

(As a mark of protest against the attitude of the Government, the Members belonging to opposition staged a walkout.)

*Calling Attention:*

1. Shri V. P. Sajeendran called the attention of the Minister for Revenue to the social problem arising from the eviction of seven Scheduled Caste families at Malayidam Thuruth, in Ernakulam district, pursuant to the Court order. The Minister for Revenue made a statement thereto.

2. Shri Saji Cherian called the attention of the Minister for Local Self Government to the necessity to take action to prevent the threat of the spread of infectious diseases that may arise due to negligence reported to have continued in pre-monsoon cleaning activities and waste disposal in the State. The Minister for Local Self Government made a statement thereto.

*Presentation of Report:*

The First Report of the Business Advisory Committee was presented.

*Consideration of Report:*

The House adopted the First Report of the Business Advisory Committee.

*Discussion on the Motion of Thanks to the Governor's Address:*

Shri M. Vincent moved the following motion thanking the Governor for the Address delivered to the Members of the Legislative Assembly on May 29, 2026:

"2026 മെയ് 29-ന് ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു."

The following Members moved amendments to the motion:

Shri Govindan Pallikappil

Shri K. Rajan

Shri P. Prasad

Shri Muhammed Muhassin

Smt. Geetha Gopi

Shri C. Ajayaprasad

Shri K. K. Valsaraj

Shri G. R. Anil

Shri V. Joy

Shri A. Prabhakaran

Shri A. C. Moideen

Shri P. Mammikutty

Shri K. U. Jenish Kumar

Shri C. K. Hareendran

Shri M. S. Arunkumar

Smt. O. S. Ambika

Shri. N. K. Akbar

Prof. C. Ravindranath

Shri U. R. Pradeep

Shri K. Preman

Shri K. Premkumar

Shri Karayi Rajan

Shri K. K. Ramachandran

Shri Saji Cherian

Shri V. K. Sanoj

Shri Xavier Chittilappilly

Shri K. N. Balagopal

Shri M. Vijin

Shri P. P. Sumod

Shri K. V. Sumesh

Shri G. Steephen

Shri T. M. Sasi

Shri P. A. Muhammed Riyas

Shri V. Muraleedharan

Shri B. B. Gopakumar

Shri Rajeev Chandrasekhar

Then, Shri M. Vincent who moved the motion spoke.

The following Members took part in the discussion:

Shri I. C. Balakrishnan

Shri K. N. Balagopal

Shri T. V. Ibrahim

Shri P. Prasad

Shri Thomas Unniyadan

Shri V. Muraleedharan

Shri G. Sudhakaran

Shri Roy K. Paulose

Smt. Ramya Haridas

Shri Jyothi Kumar Chamakkala

Shri Mani C. Kappan

Shri K V. Sumesh

Shri P. K. Firos

Shri Muhammed Shiyas

Shri Senapathy Venu

Shri Apu John Joseph

Shri A. K. M. Ashraf

Shri A. C. Moideen

Shri Anwar Sadath

The discussion was inconclusive.

The House adjourned at 2.53 p.m. to meet again at 9.00 a.m. on Wednesday, June 3, 2026.

SHAJI C. BABY

*Secretary-in-Charge*